ഉത്തരം

(എ) ആലോചിച്ചിട്ടുണ്ട്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നുമുള്ള സ്പിരിറ്റ് കടത്തലും മറ്റും തടയുന്നതിന് വേണ്ടി ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ബോർഡർ കോൺഫറൻസ് നടത്തി മേൽ കാര്യത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി, സി) ഉദിക്കുന്നില്ല.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കുന്നതിന് ഹൈക്കോടതിയിൽ പ്രത്യേകമായി സ്റ്റാന്റിംഗ് കൗൺസിലിനെ ചുമതലപ്പെടുത്താൻ നടപടി

28 [5482] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കുന്നതിന് ഹൈക്കോടതിയിൽ പ്രത്യേകമായി സ്റ്റാന്റിംഗ് കൗൺസിലിനെ ചുമതലപ്പെടുത്താൻ ഗവൺമെന്റ് ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ പ്രത്യേക സ്റ്റാന്റിംഗ് കൗൺസിലിനെ ഏർപ്പെടുത്താമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട എത്ര കേസ്സുകളാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) എക്സൈസ് ഡിപ്പാർട്ടുമെന്റ് എതിർകക്ഷിയായ 1773 ഒ. പി. കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്.

വ്യാജ സ്പിരിറ്റുമായി പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ

29 [5483] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് പിടികൂടിയ വ്യാജ സ്പിരിറ്റു കേസ്സുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യാജ സ്പിരിറ്റുമായി അതിർത്തി ചെക്കുപോസ്റ്റുകളിൽ നിന്നും അല്ലാതെയുമായി എത്ര വാഹനങ്ങൾ പിടിച്ചെടുത്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വ്യാജ സ്പിരിറ്റുമായി പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ പിന്നീട് വിട്ടു കൊടുത്തവ എത്ര;

(ഡി) അന്യസംസ്ഥാനങ്ങളിലെ എത്ര വാഹനങ്ങൾ ഇപ്പോൾ കസ്റ്റഡിയിലുണ്ട്;

(ഇ) ഏതെല്ലാം സംസ്ഥാനത്തെ വാഹനങ്ങൾ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരങ്ങൾ പോലീസ് വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) വ്യാജ സ്പിരിറ്റുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് പിടികൂടിയിട്ടുള്ള വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

	ജില്ല		പിടിച്ചെടുത്ത വാഹനങ്ങളുടെ എണ്ണം
1.	തിരുവനന്തപുരം	..	27
2.	കൊല്ലം	..	1
3.	പത്തനംതിട്ട	..	34
4.	ആലപ്പുഴ	..	6
5.	കോട്ടയം	..	18
6.	എറണാകുളം	..	3
7.	തൃശ്ശൂർ	..	6
8.	പാലക്കാട്	..	18
9.	ഇടുക്കി	..	10
10.	കണ്ണൂർ	..	8
11.	കോഴിക്കോട്	..	2
12.	മലപ്പുറം	..	2
13.	വയനാട്	..	17
14.	കാസർഗോഡ്	..	9
	ആകെ	..	161 വാഹനങ്ങൾ

(സി) വയനാട് ജില്ലയിൽ സെക്യൂരിറ്റിയിൻമേൽ താൽക്കാലികമായി ഒരു വാഹനം വിട്ടുകൊടുത്തിട്ടുണ്ട്. മറ്റുള്ള ജില്ലകളിൽനിന്നും വാഹനങ്ങൾ വിട്ടുകൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്യസംസ്ഥാനങ്ങളിലെ 228 വാഹനങ്ങൾ ഇപ്പോൾ കസ്റ്റഡിയിലുണ്ട്.

(ഇ) കേരളത്തിനു പുറമെ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, പോണ്ടിച്ചേരി, ഡൽഹി, ഗുജറാത്ത്, ഹരിയാന, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ബീഹാർ, ഗോവ, ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ വണ്ടികളാണ് ഇപ്പോൾ കസ്റ്റഡിയിലുള്ളത്.

കണ്ടുകെട്ടിയ വാഹനങ്ങളുടേയും സ്പിരിറ്റിന്റേയും കാര്യത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് നടപടി

30 [5484] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പ് വിവിധ കേസ്സുകളിലായി കണ്ടു കെട്ടിയ എത്ര വാഹനങ്ങൾ സംബന്ധിച്ച കേസ്സുകൾ ഇപ്പോഴും തീർപ്പാകാതെ ബാക്കിയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കണ്ടുകെട്ടിയ സ്പിരിറ്റ് തീർപ്പാക്കാതെ അവശേഷിക്കുന്നത് എത്രയാണ്;

(സി) കണ്ടുകെട്ടിയ വാഹനങ്ങളുടേയും സ്പിരിറ്റിന്റെയും കാര്യത്തിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ തടസ്സങ്ങൾ നീക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) കണ്ടുകെട്ടുന്ന വാഹനങ്ങളും വസ്തുക്കളും സംബന്ധിച്ച കേസ് വേഗത്തിൽ തീർപ്പാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 571 വാഹനങ്ങൾ സംബന്ധിച്ച കേസ്സുകൾ തീർപ്പാകാതെ ബാക്കിയായിട്ടുണ്ട്.

(ബി) 3,49,819 ലിറ്റർ.

(സി) കണ്ടുകെട്ടിയ വാഹനങ്ങളിൽ, അപ്പീൽ പരാതികളും, റിവിഷൻ പെറ്റീഷനുകളും നിയമാനുസൃതം പൂർത്തിയാക്കാനുള്ള കാലതാമസവും, തുടർന്ന് ലേലം ചെയ്യുന്ന വാഹനങ്ങൾ ലേലം കൊള്ളാനുള്ള സാദ്ധ്യത കുറവുമാണ് തീർപ്പാകാതെ അവശേഷിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly